പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2332 — 18.06.2014- ലെ മറുപടിക്ക്

## ഭക്ഷ്യസുരക്ഷാവകുപ്പിന്റെ പരിശോധന

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീമതി. കെ. എസ്. സലീഖ | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്ത് എത്ര ഹോട്ടലുകൾ, ബേക്കറികൾ, പച്ചക്കറി വിൽപ്പനശാലകൾ, ഫ്രൂട്ട്സ്റ്റാളുകൾ, പഴവർഗ്ഗ വിൽപ്പനശാലകൾ, ഭക്ഷ്യോൽപ്പന്ന വിപണനശാലകൾ, ഇൻഡ്യൻ കോഫി ഹൗസ് പോലുള്ള സഹകരണ വകുപ്പിന് കീഴിലെ വിപണനശാലകൾ, ഇറച്ചി വില്പന കേന്ദ്രങ്ങൾ, എന്നിവ പരിശോധിച്ചു; ജില്ല തിരിച്ച് വ്യക്തമാക്കുമോ; | എ) | ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. |

| ജില്ല | നടത്തിയ പരിശോധനകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 2514 |
| കൊല്ലം | 519 |
| പത്തനംതിട്ട | 347 |
| ആലപ്പുഴ | 1379 |
| കോട്ടയം | 553 |
| ഇടുക്കി | 858 |
| എറണാകുളം | 3472 |
| തൃശ്ശൂർ | 591 |
| പാലക്കാട് | 1036 |
| മലപ്പുറം | 194 |
| കോഴിക്കോട് | 572 |
| വയനാട് | 683 |
| കണ്ണൂർ | 479 |
| കാസറഗോഡ് | 380 |

ബി) ഇതിൽ മായം ചേർക്കലും മറ്റു നിയമ വിരുദ്ധ പ്രവൃത്തികളും നടത്തിയ എത്ര സ്ഥാപനങ്ങൾ പൂട്ടിച്ചു; ഈ സ്ഥാപനങ്ങളിൽ നിന്നും നാളിതുവരെ എന്തു തുക പിഴയിനത്തിൽ ഈടാക്കി; ജില്ല തിരിച്ച് വ്യക്തമാക്കുമോ

ബി)

| ജില്ല | പൂട്ടിച്ച സ്ഥാപനങ്ങളുടെ എണ്ണം | ഈടാക്കിയ പിഴ |
|---|---|---|
| തിരുവനന്തപുരം | 35 | 7,92,000/- |
| കൊല്ലം | 64 | 66,000/- |
| പത്തനംതിട്ട | 30 | 1,97,000/- |
| ആലപ്പുഴ | 11 | 67,000/- |
| കോട്ടയം | 6 | 1,17,500/- |

| | | | |
|---|---|---|---|
| | | | ഇടുക്കി 4 1,16,500/-<br>എറണാകുളം 28 11,34,500/-<br>തൃശ്ശൂർ 7 2,45,000/-<br>പാലക്കാട് 6 3,05,000/-<br>മലപ്പുറം -- 3,00,000/-<br>കോഴിക്കോട് 9 3,31,000/-<br>വയനാട് 5 2,15,000/-<br>കണ്ണൂർ 2 2,38,000/-<br>കാസറഗോഡ് -- 3,45,000/- |
| സി) | പിഴ നൽകി വീണ്ടും തുറന്ന സ്ഥാപനങ്ങളിൽ വീണ്ടും ഭക്ഷ്യസുരക്ഷാ വകുപ്പ് പരിശോധനകൾ നടത്തിയോ; എങ്കിൽ പരിശോധനയിൽ വീണ്ടും വീഴ്ച വരുത്തിയവയെ കണ്ടെത്തിയോ; എങ്കിൽ ഇത്തരം സ്ഥാപനങ്ങൾക്കെതിരെ എന്തെല്ലാം കർശന നടപടികൾ സ്വീകരിച്ചു; ഇപ്രകാരം സംസ്ഥാനത്ത് എത്ര സ്ഥാപനങ്ങളാണ് കണ്ടെത്തിയത്; വിശദമാക്കുമോ; | സി) | പിഴ നൽകി വീണ്ടും തുറന്ന സ്ഥാപനങ്ങളിൽ വീണ്ടും ഭക്ഷ്യ സുരക്ഷാ വകുപ്പ് പരിശോധനകൾ നടത്താറുണ്ട്. വീണ്ടും അത്തരം സ്ഥാപനങ്ങളിൽ വീഴ്ച കണ്ടെത്തിയിട്ടില്ല. |
| ഇ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്ത് എത്ര ഊർജ്ജിത ഭക്ഷ്യ സുരക്ഷാവാരങ്ങൾ നടത്തി; എത്ര തുക ചെലവായി; എന്തെല്ലാം പ്രവർത്തനങ്ങളും കുറ്റക്കാരെ കണ്ടെത്തുന്ന അന്വേഷണങ്ങളും നടത്തി; കുറ്റക്കാരായ എത്ര പേരെ കണ്ടെത്തി; എത്ര പേരെ പോലീസിന് കൈമാറി; എത്ര തുക പിഴ ഇനത്തിൽ ഈടാക്കി; എത്ര സ്ഥാപനങ്ങൾ പൂട്ടിച്ചു; വിശദാംശം വ്യക്തമാക്കുമോ; | ഇ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്ത് ഒരു ഊർജ്ജിത ഭക്ഷ്യ സുരക്ഷാവാരാചരണം മാത്രമാണ് നടത്തിയിട്ടുള്ളത്. 1,40,000 രൂപ ചിലവായിട്ടുണ്ട്. സംസ്ഥാന വ്യാപകമായി 439 സ്ഥാപനങ്ങൾ പരിശോധിക്കുകയും 110 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും 18 സ്ഥാപനങ്ങൾ പ്രവർത്തനം നിർത്തിവയ്പ്പിക്കുകയും 3,00,000 രൂപ പിഴയായി ഈടാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ വിവിധ വ്യാപാര സംഘടന പ്രതിനിധികളെ ഉൾപ്പെടുത്തി സുരക്ഷിത ഭക്ഷണത്തിന്റെ പ്രധാന്യത്തെ ആസ്പദമാക്കി 30 ക്ലാസ്സുകളും സംസ്ഥാന വ്യാപകമായി സംഘടിപ്പിച്ചിട്ടുണ്ട്. |
| എഫ്) | ഉപഭോക്താക്കൾക്ക് ഉപയോഗയുക്തമായ ഭക്ഷ്യവസ്തുക്കൾ ലഭ്യമാക്കുന്നതിന് ഭക്ഷ്യസുരക്ഷാ വകുപ്പ് | എഫ്) | സംസ്ഥാന വ്യാപകമായി പരിശോധനകൾ കർശനമാക്കുകയും അന്തർസംസ്ഥാന ചെക്ക്പോസ്റ്റുകൾ ഉൾപ്പെടെ പ്രത്യേക പരിശോധന ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തേക്ക് |

| | | | |
|---|---|---|---|
| | എന്തെല്ലാം തുടർ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | | കൂടുതലായി ഭക്ഷ്യവസ്തുക്കൾ എത്തിക്കുന്ന സംസ്ഥാനങ്ങളിലെ ഭക്ഷ്യസുരക്ഷാ കമ്മീഷണറുമായി നിരന്തരം കത്തിടപാടുകളിലൂടെ ബന്ധപ്പെടുന്നതോടൊപ്പം സംസ്ഥാനത്തെ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരുടെ സംഘം തമിഴ്നാട്, കർണ്ണാടക, ആന്ധ്രപ്രദേശ് എന്നീ സംസ്ഥാനങ്ങൾ നേരിട്ട് സന്ദർശിച്ച് അവിടുത്തെ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരുമായി ചർച്ചനടത്തുവാനും വിവിധ കൃഷി സ്ഥലങ്ങൾ നേരിട്ട് സന്ദർശിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**